# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 467** **09.02.2016-ൽ മറുപടിയ്ക്ക്**

## സമ്പൂർണ്ണ വൈദ്യുതീകരണം.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. എ. മാധവൻ :<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. ആർ. സെൽവരാജ് :<br>ശ്രീ. വി. ഡി. സതീശൻ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി ഏതെല്ലാം കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട് ;<br><br>(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ; | (എ) & (ബി) കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെയും മറ്റ് ഏജൻസികളുടെയും സഹകരണത്തോടെ സംസ്ഥാനത്ത് സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കി വരുന്നു. ഗ്രാമീണ മേഖലയിലെ എല്ലാ ഭവനങ്ങളുടെയും വൈദ്യുതീകരണം ലക്ഷ്യമാക്കി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച പദ്ധതിയായ RGGVY (രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജന) യിലൂടെ സമ്പൂർണ്ണ വൈദ്യുതീകരണം എന്ന ലക്ഷ്യത്തിലേക്ക് എത്തിച്ചേരാൻ കെ എസ് ഇ ബി (ലി) ക്ക് സർക്കാർ എല്ലാ പിന്തുണയും നൽകിയിട്ടുണ്ട്. ടി പദ്ധതിയിലൂടെ 1,24,981 ഗ്രാമീണ ഭവനങ്ങൾ വൈദ്യുതീകരിക്കുവാൻ സാധിച്ചിട്ടുണ്ട്. ഇതിൽ 1,12,896 വീട്ടുകൾ ബി പി എൽ കുടുംബങ്ങളുടേതാണ്. ബി പി എൽ വിഭാഗക്കാർക്ക് സൗജന്യമായിട്ടാണ് വൈദ്യുതി കണക്ഷൻ നൽകിയിട്ടുള്ളത്. RGGVY പ്രകാരമുള്ള പദ്ധതിയുടെ പ്രവൃത്തികൾ 2015 നവംബർ മാസത്തോടെ എല്ലാ ജില്ലകളിലും പൂർത്തീകരിച്ചിട്ടുണ്ട്. പുതിയതായി നിലവിൽ വന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ DDUGJY (ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി യോജന ) പ്രകാരം ഗ്രാമീണ മേഖലയിലെ ബി പി എൽ വിഭാഗത്തിൽപ്പെടുന്ന അപേക്ഷകർക്ക് കണക്ഷനുകൾ നൽകാനാകും. ഇത്തരത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം എന്ന ലക്ഷ്യം മുൻനിർത്തിയുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. 2015-16-ൽ 4,60,000, |

2016-17 ൽ 4,00,000 എന്ന രീതിയിൽ പുതിയ വൈദ്യുതി കണക്ഷനുകൾ നല്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിൽ 2015 ഡിസംബർ 31 വരെ 1,41,251 ഗാർഹിക കണക്ഷനുകൾ ഉൾപ്പെടെ 2,78,808 പുതിയ വൈദ്യുത കണക്ഷനുകൾ നൽകിയിട്ടുണ്ട്. അപേക്ഷിച്ച വരിൽ ഇനി 2278 പേർക്ക് മാത്രമേ കണക്ഷൻ നൽകാനുള്ളൂ.

| | | | |
|---|---|---|---|
| (സി) | ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ? | (സി) | 2015-16, 2016- 17 -ലെ വാർഷിക പദ്ധതി ബോർഡ് അംഗീകരിച്ചിട്ടുണ്ട്. 2015-16 ലേക്കുള്ള Purchase plan അംഗീകരിച്ച്, സാധനസാമഗ്രികൾ വാങ്ങുന്നതിന് ചീഫ് എഞ്ചിനിയർ (SCM) നെയും മേഖലാ ചീഫ് എഞ്ചിനിയർമാരെയും ചുമതല പ്പെടുത്തിയിട്ടുണ്ട്. സർവീസ് കണക്ഷൻ നൽകുന്ന പ്രവൃത്തികളുടെ പുരോഗതി എല്ലാ മാസവും വിലയിരുത്തുന്നതിനു വേണ്ട നടപടികളും സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.